# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*217 15.07.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക മണ്ഡലത്തിന്റെ പരിപോഷണത്തിനായി കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ സാംസ്കാരിക മണ്ഡലത്തിന്റെ പരിപോഷണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് ആവിഷ്കരിച്ച നടപ്പാക്കിയതെന്ന് വിശദമാക്കാമോ; | എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച കൊണ്ട് 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സുവർണ്ണം 2015 സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധന സഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി. മഹാകവി മോയിൻ കുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തി.<br>ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നാടൻ കലാ സംഘങ്ങളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടു വന്ന് "ഭാരതോത്സവം" സംഘടിപ്പിച്ചു. വിദേശ നാടൻ കലാകാരന്മാരെ പങ്കെടുപ്പിച്ച് "ഇന്റർ നാഷണൽ ഫോക് ഫെസ്റ്റ്" സംഘടിപ്പിച്ചു. നാടോടി വാദ്യങ്ങളേയും, ദേശീയ അന്തർ ദേശീയ പാരമ്പര്യ വാദ്യോപകരണങ്ങളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താൻ പാലക്കാട് |

കൽപ്പാത്തിയിൽ 2000-ത്തോളം വാദ്യോപകരണങ്ങളുടെ മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. തിരുവിതാംകൂറിലെ നാടൻ കലകളേയും നാടോടി വിജ്ഞാനീയത്തേയും ലോകത്തിന് പരിചയപ്പെടുത്താൻ കോട്ടയത്ത് ട്രാവൻകൂർ ഫോക് വില്ലേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പത്മനാഭപുരം കൊട്ടാരം UNESCO യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വഹിച്ച ധീരദേശാഭിമാനികളുടെ ഓർമ്മയ്ക്കായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടത്തിയ വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സ്മാരകം നിർമ്മിച്ചു. 2012 ൽ തിരുവനന്തപുരത്ത് കേരള സാഹിത്യ അക്കാദമി മുഖാന്തിരം വിശ്വ മലയാള മഹോത്സവം സംഘടിപ്പിച്ചു.

ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം നൽകുവാനും അനുചിത നിയന്ത്രണങ്ങൾ ഇല്ലാതാക്കുവാനും സഹായകരമായ എന്തെല്ലാം സമീപനങ്ങളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നല്കാമോ;

സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് വിശദമാക്കാമോ?

ബി) & സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ/അക്കാദമികൾ എന്നിവ സ്വയം ഭരണ സ്ഥാപനങ്ങളാണ് (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡും ഒഴികെ). സർക്കാർ അംഗീകരിച്ചിട്ടുള്ള bylaw/ Memorandum of Association ന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി വർഷം തോറും പദ്ധതി/ പദ്ധതിയേതര വിഹിതം നല്കിവരുന്നുണ്ട്. അതത് സ്ഥാപനങ്ങളുടെ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. സ്ഥാപനങ്ങളുടെ സ്വതന്ത്രമായ ദൈനംദിന പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടൽ നാമമാത്രമാണ്.

സെക്ഷൻ ഓഫീസർ